ഐ.സി.ഡി.എസ്. പ്രോജക്ടുകളിൽ കരാറടിസ്ഥാനത്തിൽ നിയമനം ലഭിച്ചവർ

42 (3123)ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :
ശ്രീ. കുട്ടി അഹമ്മദ്കുട്ടി :
ശ്രീ. സി. മൊയീൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1984-ൽ ഐ.സി.ഡി.എസ് പ്രോജക്ടുകളിൽ കരാറടിസ്ഥാനത്തിൽ നിയമനം നൽകിയ സൂപ്പർവൈസർമാരെ 1994-ൽ സർവ്വീസിൽ സ്ഥിരപ്പെടുത്തുകയും 28.9.99-ലെ ജി.ഒ. (എം.എസ്) നം. 39/99/സ.ക്ഷേ.മ.വ നമ്പർ ഉത്തരവ് പ്രകാരം റഗുലറൈസ് ചെയ്യുകയും ചെയ്തിട്ടുണ്ടോ;

(ബി) പ്രസ്തുത ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ;

(സി) 1994-ൽ കരാറടിസ്ഥാനത്തിൽ നിയമിക്കപ്പെട്ടതും ഇപ്പോൾ നിലവിലുള്ള ഐ.സി.ഡി.എസ് സൂപ്പർവൈസർമാരുടെ പി.എസ്.സി. റാങ്ക് ലിസ്റ്റിൽ ഉൾപ്പെടാത്തതുമായ സർവ്വീസിലുള്ള ഐ.സി.ഡി.എസ് സൂപ്പർവൈസർമാരെ സ്ഥിരപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) 1984-ൽ വർഷത്തിൽ കരാറടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട സൂപ്പർവൈസർമാരെ കരാർ കാലാവധിക്കുശേഷം പിരിച്ചുവിടുകയും പിന്നീട് 1994-ൽ റി സബ്ബോർഡ് ചെയ്യുകയും ഉണ്ടായി. ജി.ഒ. (എം.എസ്) നമ്പർ 39/99/സ.ക്ഷേമ.വ. തീയതി 28.9.99 അനുസരിച്ച് ഇവരുടെ സേവനം റഗുലറൈസ് ചെയ്തുകൊണ്ട് ഉത്തരവായിട്ടുണ്ട്. എന്നാൽ 23.11.99-ലെ ഒ.പി. 291115/99-ന്റെ വിധിയുടെ അടിസ്ഥാനത്തിൽ ടി ഉത്തരവ് നടപ്പിലാക്കിയിട്ടില്ല.

(ബി) ഉത്തരവിന്റെ പകർപ്പ് ഇതോടൊപ്പം വയ്ക്കുന്നു.†

(സി) ഇപ്പോൾ കരാറടിസ്ഥാനത്തിൽ ജോലി നോക്കുന്ന ആരെയും സർവ്വീസിൽ സ്ഥിരപ്പെടുത്താൻ ഉദ്ദേശമില്ല.

വൃദ്ധസദനങ്ങൾ

43 (3124) ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
പ്രൊഫ. മീനാക്ഷി തമ്പാൻ :
ശ്രീമതി ആർ. ലതാദേവി :
ശ്രീ. സത്യൻ മൊകേരി :
ശ്രീ. യു.എസ്. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ എത്ര വൃദ്ധസദനങ്ങളുണ്ട്? എവിടെയെല്ലാം;

(ബി) ഓരോ വൃദ്ധ സദനത്തിലും എത്ര അന്തേവാസികൾ വീതം ഉണ്ട്? അതിൽ സ്ത്രീകൾ എത്ര? പുരുഷന്മാർ എത്ര;

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ വൃദ്ധ സദനത്തിലെ അന്തേവാസികൾക്ക് എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ സദനങ്ങളിലെ ആഹാരരീതികളും മറ്റു സൗകര്യങ്ങളും പരിഷ്കരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുണ്ട് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സാമൂഹ്യക്ഷേമവകുപ്പിന്റെ കീഴിൽ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം എറണാകുളം, തൃശ്ശൂർ,ഇടുക്കി, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർകോട് എന്നിവിടങ്ങളിലായി 13 വൃദ്ധ സദനങ്ങൾ പ്രവർത്തിച്ചുവരുന്നു.

(ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി) അന്തേവാസികൾക്ക് സംരക്ഷണം നൽകുന്നതു കൂടാതെ ഭക്ഷണം, പാർപ്പിടം, വസ്ത്രം, മരുന്ന്, വൈദ്യശുശ്രൂഷ എന്നീ സൗകര്യങ്ങൾ നൽകിവരുന്നു.

(ഡി) വൃദ്ധ സദനങ്ങളിലെ അന്തേവാസികൾക്ക് നൽകിവരുന്ന സംരക്ഷണചെലവ്, വസ്ത്രം, മരുന്ന്, കിടക്ക എന്നിവയ്ക്കു നൽകിവരുന്ന തുക വർധിപ്പിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

സി.ഡി.പി.ഒ., എ.സി.ഡി.പി.ഒ. തസ്തികകൾ

44 (3125)ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യക്ഷേമ വകുപ്പിലെ സി.ഡി.പി.ഒ., എ.ഡി.ഡി.പി.ഒ. തസ്തികകൾ ഒരു വിഭാഗം വനിതകൾക്കു മാത്രമായി സംവരണം ചെയ്യുന്നതിന് സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാർക്ക് നഷ്ടപ്പെടുന്ന പ്രമോഷൻ ആനുകൂല്യങ്ങൾ പൂർണ്ണമായും പരിഹരിക്കുന്നതിന് എന്ത് നടപടി ആണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാർക്ക് നഷ്ടപ്പെടുന്ന പ്രമോഷൻ ആനുകൂല്യങ്ങൾ പൂർണ്ണമായും പുനഃസ്ഥാപിച്ചുനൽകുവാൻ കഴിയാത്ത സാഹചര്യം വന്നാൽ സി.ഡി.പി.ഒ. എ.സി.ഡി.പി.ഒ തസ്തികകളിലേക്കുള്ള പ്രമോഷനുകൾ സൂപ്പർവൈസർമാർക്കും മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരുമായി ഒരു നിശ്ചിത റേഷ്യോ ക്രമത്തിൽ വിഭജിച്ചുനൽകി പ്രശ്നം പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാർക്ക് നഷ്ടപ്പെടുന്ന പ്രമോഷൻ ആനുകൂല്യങ്ങൾ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly